## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## സാമൂഹ്യവിരുദ്ധ പ്രവർത്തന നിരോധന നിയമം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 318** — **23.06.2014-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. ജെയിംസ് മാത്യു | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പൊതുപ്രവർത്തകരെയും ജനകീയ സമരങ്ങളിൽ ഏർപ്പെടുന്നവരെയും പോലീസ് സാമൂഹ്യവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരം ചില ആക്ഷേപങ്ങൾ/പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിയമം ദുർവ്യാഖ്യാനിച്ച് പൊതുപ്രവർത്തകരെ പോലീസ് നാടുകടത്തിയതായി രേഖപ്പെടുത്തിക്കൊണ്ട് ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവും വകുപ്പ് 15(1) പ്രകാരം സഞ്ചലനനിയന്ത്രണ ഉത്തരവും പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമ്പോൾ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും (safeguards) മറ്റ് സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ സർക്കാർ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. |
| (സി) ഇപ്രകാരമുള്ള ഏതെങ്കിലും ഉത്തരവ് കാപ്പ അഡ്വൈസറി ബോർഡിന് റദ്ദുചെയ്യേണ്ടി വന്നിട്ടുണ്ടോ;<br>(ഡി) അഡ്വൈസറി ബോർഡിനോ കേരള ഹൈക്കോടതിക്കോ റദ്ദ് ചെയ്യേണ്ടി വന്നതായ, പോലീസ് അധികൃതർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവുകൾ ഏതൊക്കെയാണ്; | (സി)യും (ഡി)യും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം അറിയപ്പെടുന്ന റൗഡി ആയോ അറിയപ്പെടുന്ന ഗുണ്ടയായോ കണക്കാക്കാവുന്ന ആളുകൾക്കെതിരെ നിയമാനുസൃതമായി മാത്രമാണ് കരുതൽ തടങ്കൽ, സഞ്ചലനനിയന്ത്രണ ഉത്തരവ് എന്നിവ പുറപ്പെടുവിക്കുന്നത്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ നിയമം ദുർവ്യാഖ്യാനം ചെയ്തോ പൊതുപ്രവർത്തകർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ അത്തരം ഉത്തരവുകൾ റദ്ദുചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.കാലതാമസമുണ്ടായതിനാലും നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന കാരണത്താലും മറ്റുമാണ് |

ബഹു. കേരള ഹൈക്കോടതിയും അഡ്വൈസറി ബോർഡും ഉത്തരവുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടുള്ളത്.

| | |
|---|---|
| (ഇ) രാഷ്ട്രീയപ്രേരിതമായും വൈരാഗ്യ-പൂർവ്വമായും നിയമം ദുരുപയോഗം ചെയ്യുന്നുവെങ്കിൽ ആയത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത് ടി നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടും ഭരണഘടനയിലെ രക്ഷാവ്യവസ്ഥകൾ പരിരക്ഷിച്ചുകൊണ്ടും ആയിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ സർക്കാർ വിവിധ സമയങ്ങളിൽ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. മാത്രമല്ല ഈ നിയമത്തിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ഭരണഘടനാനുസൃതമായി രൂപീകൃതമായിട്ടുള്ളതും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായുമുള്ള ഉപദേശക ബോർഡിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാണ്. ഉത്തരവ് പുറപ്പെടുവിച്ചതിന് മതിയായ കാരണങ്ങളുണ്ട് എന്ന് ഉപദേശകബോർഡ് അഭിപ്രായപ്പെടുന്ന കേസുകളിൽ മാത്രമാണ് ഉത്തരവ് സ്ഥിരീകരിക്കാൻ കഴിയുന്നത്. ആയതിനാൽ രാഷ്ട്രീയ പ്രേരിതമായും വൈരാഗ്യപൂർവ്വമായും നിയമം ദുരുപയോഗം ചെയ്യാനുള്ള സാധ്യതയില്ല. |

സെക്ഷൻ ഓഫീസർ